بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○

# ജുമുഅഃ ഖുത്ബ സംഗ്രഹം 14.01.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 6

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

സൂറത്തുത്തൗബ 40 ാമത്തെ വചനം പാരായണം ചെയ്തതിനു ശേഷം ഹുസൂർ തിരുമനസ്സ് പഞ്ഞു: കഴിഞ്ഞതിനു മുമ്പുള്ള ഖുത്ബയിൽ ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)നെ കുറിച്ചുള്ള പരാമർശം നടന്നു കൊണ്ടിരിക്കുകയായിരുന്നു. ഹിജ്റത്തിന്റെ യാത്രയുടെ സന്ദർഭത്തിൽ സുറാഖ ബിൻ മാലികിന്റെ (നബിയെ) പിന്തുടരലിനെ സംബന്ധിച്ച് പല നിവേദനങ്ങളും ഉണ്ട്. ഒരു നിവേദനമനുസരിച്ചു സുറാഖ തിരിച്ചു പോകുമ്പോൾ പ്രവാചകൻ(സ) പറഞ്ഞു: അല്ലയോ സുറാഖാ കിസ്രായുടെ വളകൾ നിന്റെ കയ്യിലണിയിക്കുന്ന അവസരത്തിൽ നിന്റെ അവസ്ഥയെന്തായിരിക്കും.? സുറാഖ അത്ഭുതത്തോടെ തിരിഞ്ഞുകൊണ്ട് ചോദിച്ചു: കിസ്റാ ബിൻ ഹുർമസ് ആണോ.? നബി(സ) പറഞ്ഞു: അതെ, കിസ്റാ ബിൻ ഹുർമസ് തന്നെ. അങ്ങനെ ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തു കാലഘട്ടത്തിൽ കിസ്രായുടെ വളയും കിരീടവും അരപ്പട്ടയും കൊണ്ടുവന്നപ്പോൾ ഹദ്റത്ത് ഉമർ(റ) സുറാഖയെ വിളിപ്പിച്ചു അദ്ദേഹത്തെ ആ വളയണിയിച്ചുകൊണ്ടു പറഞ്ഞു: കിസ്റാ ബിൻ ഹുർമസിൽ നിന്നും ഇവ രണ്ടും അധീനമാക്കി തന്ന അല്ലാഹുവിനാണ് എല്ലാ സ്തുതിയും എന്നു പറയുക. സുറാഖക്ക് ഈ സന്തോഷവാർത്ത ലഭിച്ചത്, ഹുനൈൻ താഇഫ് യത്രാ മടക്കത്തിൽ ഇസ്‌ലാം സ്വീകരിച്ചപ്പോൾ ആണെന്നും പരാമർശമുണ്ട്.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാതമുന്നബിയ്യീനിൽ സുറാഖയുടെ തന്നെ വാക്കുകളിൽ ഈ സംഭവം വിവരിക്കുന്നുണ്ട്. എതിരായ ശകുനം അനുഭവപ്പെട്ടതിനേയും അദ്ദേഹത്തിന്റെ ഒട്ടകത്തിന്റെ കാലുകൾ മണലിൽ താഴ്ന്നതിനേയും പറ്റി സുറാഖ പറഞ്ഞത്, ഈ നേരിട്ട പ്രയാസങ്ങളിൽ നിന്നും ഞാൻ മനസ്സിലാക്കിയത് അദ്ദേഹം നാളെ സ്വീകാര്യനായിത്തീരുന്നതാണ്. അവസാനം നബി(സ) വിജയിക്കുന്നതുമാണെന്നാണ്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സുറാഖ തിരികെ പോകാൻ തുടങ്ങിയ ഉടനെത്തന്നെ വരാനിരിക്കുന്ന സംഭവങ്ങൾ അല്ലാഹു നബി(സ)ക്ക് അദൃശ്യത്തിലൂടെ അറിയിച്ചു കൊടുത്തപ്പോൾ നബി(സ) പറഞ്ഞു: കിസ്രായുടെ വളകൾ നിന്റെ കയ്യിലുണ്ടാകുന്ന അവസരത്തിൽ നിന്റെ അവസ്ഥ എന്തായിരിക്കും.? അങ്ങയുടെ ഈ പ്രവചനം 16, 17 വർഷങ്ങൾക്കുശേഷം അക്ഷരാർഥത്തിൽ പൂർത്തിയായി. സുറാഖ മുസ്‌ലിമായ ശേഷം തന്റെ ഈ സംഭവത്തെ വളരേ അഭിമാനത്തോടെ മുസ്‌ലിംകളെ കേൾപ്പിക്കുമായിരുന്നു. മുസ്‌ലിംകൾക്ക് ഇതിനെ പറ്റി അറിവും ഉണ്ടായിരുന്നു. ഹദ്റത്ത് ഉമർ(റ) ഇറാന്റെ വിജയങ്ങൾക്കുശേഷം യുദ്ധമുതലിൽ കിസ്രായുടെ വളകൾ കണ്ടപ്പോൾ ആ ദൃശ്യങ്ങൾ തന്റെ സ്മൃതിപഥത്തിലൂടെ കടന്നുപോയി. അല്ലാഹുവിന്റെ ദൂതൻ തന്റെ നാടുപേക്ഷിച്ചു മദീനയിലേക്കു വരേണ്ടി വന്ന ആ നിസ്സഹായതയുടെ സമയത്ത്, സുറാഖയും മറ്റുള്ളവരും നബി(സ)യുടെ പിന്നാലെ തന്റെ കുതിരകളെ പായിച്ചത് ഏതെങ്കിലും വിധത്തിൽ നബി(സ)യെ പിടികൂടി മക്കക്കാരുടെ അടുക്കലെത്തിച്ചുകൊണ്ട് 100 ഒട്ടകങ്ങളെ കൈവശപ്പെടുത്താനായിരുന്നു. ആ അവസരത്തിൽ സുറാഖക്ക് ഈ സന്തോഷവാർത്ത നൽകുകയെന്നത് എത്ര വലിയ പ്രവചനവും വ്യക്തമായ അദൃശ്യ കാര്യവും ആയിരുന്നു. ഹദ്റത്ത് ഉമർ(റ) കിസ്രായുടെ വളകൾ തന്റെ കയ്യിൽ അണിയാൻ കൽപ്പിച്ചപ്പോൾ, സ്വർണം ധരിക്കുന്നത് മുസ്‌ലിംകൾക്ക് നിഷിദ്ധമാണെന്നു സുറാഖ പറഞ്ഞപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അതെ, നിഷിദ്ധമാണ്. എന്നാൽ ഈ സന്ദർഭത്തിലല്ല. അല്ലാഹു നബി(സ)ക്ക് നിങ്ങളുടെ കയ്യിൽ സ്വർണവളകൾ (അണിഞ്ഞതു) കാണിച്ചു കൊടുത്തിരുന്നു. നിങ്ങൾ ഈ വളകൾ ധരിക്കുന്നില്ലെങ്കിൽ ഞാൻ നിങ്ങളെ ശിക്ഷിക്കുന്നതാണ്. സുറാഖ ആ വളകൾ തന്റെ കൈകളിൽ ധരിച്ചു. മുസ്‌ലിംകൾ ഈ മഹത്തായ പ്രവചനം പൂർത്തിയായത് കണ്ണുകൾകൊണ്ട് ദർശിക്കുകയുണ്ടായി.

ഹിജ്റയുടെ ഈ യാത്രാവേളയിൽ നബി(സ)യുടെ സംഘം പാഥേയമന്വേഷിച്ച് ഉമ്മെ മഅ്ബദിന്റെ തമ്പിനടുത്തുകൂടെ പോകുമ്പോൾ അവിടെ നിന്നു. യാത്രക്കാർക്ക് ഭക്ഷണം നൽകിയിരുന്ന ഒരു ധീര വനിതയായിരുന്നു ഉമ്മെ മഅ്ബദ്. ഉമ്മെ മഅ്ബദിന്റെ ഗോത്രത്തിനു ദാരിദ്രത്തിന്റെ കാലമായിരുന്നതിനാൽ അവിടെയെത്തിയ നബി(സ)യുടെ സംഘത്തിനു നൽകാൻ അവരുടെ പക്കൽ ഒന്നുമുണ്ടായിരുന്നില്ല.

ഉമ്മെ മഅ്ബദിന്റെ അനുവാദത്തോടെ (കൂട്ടത്തിലുണ്ടായിരുന്ന) വളരേ മെലിഞ്ഞ ബലഹീനയായ ഒരു ആടിനെ, അനുഗ്രഹത്തിനായി ദുആ ചെയ്തുകൊണ്ട് പാല് കറന്നപ്പോൾ അതിൽ അസാധാരണമായ അനുഗ്രഹം വർഷിച്ചു.

നബി(സ) യാത്ര തുടർന്നപ്പോൾ വഴിയിൽ വെച്ചു ശാമിൽ നിന്നും മുസ്ലിംകളുടെ ഒരു സംഘത്തിന്റെ കൂടെ കച്ചവടം ചെയ്തു തിരിച്ചു വരുന്ന ഹദ്റത്ത് സുബൈർ(റ)നെ കണ്ടു. സുബൈർ(റ) ഒരു ജോഡി വെള്ള വസ്ത്രം നബി(സ)നും ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)നും സമർപ്പിച്ചു.

ഹദ്റത്ത് അബൂബക്കർ(റ) കച്ചവടാവശ്യത്തിനായി ഇതു വഴി പല തവണ കടന്നുപോയിരുന്നതിനാൽ അധികം ആളുകളും അദ്ദേഹത്തെ തിരിച്ചറിഞ്ഞിരുന്നു. എന്നാൽ നബി(സ)നെ അറിയുമായിരുന്നില്ല. അതുകൊണ്ട് അബൂബക്കർ(റ)നോടു താങ്കളുടെ മുമ്പിലുള്ളത് ആരാണെന്നു ചോദിച്ചപ്പോൾ هٰذَا يَهْدِيْنِى السَّبِيْلَ ഇത് എന്റെ വഴികാട്ടിയാണ് എന്നു പറഞ്ഞു. ജനങ്ങൾ അത് അബൂബക്കർ(റ)നു വഴി കാണിക്കാനുള്ള ഗൈഡ് ആണെന്നാണു കരുതിയത്. എന്നാൽ അബൂബക്കർ(റ) ഉദ്ദേശിച്ചത് (മാർഗദർശകൻ എന്ന) മറ്റൊരർഥമായിരുന്നു.

ദൈവീക സഹായത്താൽ എട്ടു ദിവസത്തെ യാത്ര ചെയ്തു തിങ്കളാഴ്ച്ച നബി(സ) മദീനയിൽ നിന്നും 2 മൈൽ അകലത്തിലുള്ള ഖുബാ എന്ന സ്ഥലത്തെത്തി. ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഒരു യഹൂദി, നബി(സ)യുടെ ഒട്ടകങ്ങൾ വരുന്നത് കണ്ടപ്പോൾ ഇത് മുഹമ്മദ്(സ)ന്റെ സംഘമാണെന്നു മനസ്സിലാക്കി. അദ്ദേഹം നാട്ടുകാരോടു വിളിച്ചു പറഞ്ഞപ്പോൾ മദീനയിലെ ഒരോരുത്തരും ഖുബായിലേക്ക് ഓടാൻ തുടങ്ങി. മദീനയിലെ അധികം ആളുകളും നബി(സ)യെ കണ്ടിട്ടുണ്ടായിരുന്നില്ല. ഖുബായുടെ പുറത്ത് ഒരു വൃക്ഷത്തണലിൽ നബി(സ) വളരേ സാധാരണക്കാരനെപ്പോലെ ഇരിക്കുകയായിരുന്നു. അപ്പോൾ മദീനയിൽ നിന്നും ഖുബായിലേക്ക് ജനങ്ങൾ വന്നുകൊണ്ടിരുന്നു. നബിയെ അറിയാത്ത ആളുകൾ, വയസ്സിൽ ചെറുപ്പമാണെങ്കിലും താടി നെരച്ചിരുന്നതിനാലും നബിയേക്കാളും കുറച്ചു മുന്തിയ വസ്ത്രം ധരിച്ചിരുന്നതിനാലും ഹദ്റത്ത് അബൂബക്കർ(റ)നെ നബിയാണെന്നു കരുതി അദ്ദേഹത്തിന്റെ ഭാഗത്തേക്കു മുഖം തിരിച്ച് മര്യാദയോടെയിരുന്നു. ഇത് ശ്രദ്ധയിൽ പെട്ട ഹദ്റത്ത് അബൂബക്കർ(റ)നു ഇവർക്കു തെറ്റിദ്ധാരണ സംഭവിച്ചു എന്ന കാര്യം മനസ്സിലായി. അദ്ദേഹം എഴുന്നേറ്റു നിന്നുകൊണ്ട് പുതപ്പ് നിവർത്തി വെയിൽ വരുന്ന ഭാഗത്തേക്കാക്കി തണലേകി. എന്നിട്ടു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, താങ്കളുടെ ദേഹത്തേക്കു വെയിൽ വരുന്നതിനാൽ ഞാൻ തണലേകുകയാണ്. ഇപ്രകാരം അദ്ദേഹം ജനങ്ങളുടെ തെറ്റിദ്ധാരണ യുക്തിപൂർണമായി നീക്കുകയുണ്ടായി.

ഹദ്റത്ത് അനസ് ബിൻ മാലിക് പറയുന്നു: നബി(സ)യുടെ ആഗമനത്തോടെ മദീന നമുക്കായി പ്രകാശപൂരിതമായിരിക്കുന്നു. നബി(സ) വഫാത്തായ ദിവസത്തെ പോലുള്ള അന്ധകാരം മദീനാ പട്ടണത്തിൽ ഒരിക്കലും കണ്ടിട്ടുമില്ല. ഖുബായിലെ അൻസാറുകൾ നല്ല നിലയിൽ നബിയെ സ്വീകരിച്ചു. കുൽസും ബിൻ അൽഹദമിന്റെ വീട്ടിൽ താമസിച്ചു.

ബുഖാരിയുടെ നിവേദനത്തിൽ വരുന്നു, നബി(സ) ബനൂ അംറുബ്നു ഔഫിന്റെ പ്രദേശത്ത് 10 ൽ അധികം രാത്രികൾ കഴിച്ചുകൂട്ടി. നിവേദനത്തിൽ വന്നിരിക്കുന്നു: നബി(സ) ബനൂ അംറുബ്നു ഔഫിനുവേണ്ടി പള്ളിയുണ്ടാക്കി. പള്ളിയുടെ അടിത്തറയിട്ടപ്പോൾ നബി(സ) ഏറ്റവുമാദ്യം ഖിബ്ലയുടെ ഭാഗത്ത് ഒരു കല്ല് വെച്ചു. തുടർന്ന് ഹദ്റത് അബൂബക്കർ(റ) ഒരു കല്ല് കൊണ്ടുവന്നു വെച്ചു. പിന്നീട് ഹദ്റത് ഉമർ(റ) ഒരു കല്ല് കൊണ്ടുവന്ന് ഹദ്റത് അബൂബക്കർ(റ) ന്റെ കല്ലിന്റെ അടുത്ത് വെച്ചു. തുടർന്ന് എല്ലാവരും പള്ളി നിർമാണത്തിൽ വ്യാപൃതരായി. മസ്ജിദ് ഖുബായെ സംബന്ധിച്ചു (ഖുർആൻ) പറയുന്നു: ഇതിന്റെ അടിത്തറ തഖ്‌വയിൽ അധിഷ്ഠിതമായിട്ടാണു വെച്ചിട്ടുള്ളത്.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: മസ്ജിദ് ഖുബാ ഉൾപ്പെടെയുള്ള മദീനയിലുള്ള എല്ലാ പള്ളികളുടേയും അടിത്തറ തഖ്‌വയിൽ അധിഷ്ഠിതമായിട്ടാണു വെച്ചിട്ടുള്ളത്. എന്നാൽ ഖുർആൻ വചനം അവതരിച്ചിട്ടുള്ളത് മസ്ജിദ് ഖുബായെ സംബന്ധിച്ചു തന്നെയാണ്.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: ഖുബായിൽ 10 ദിവസത്തിലധികം തങ്ങിയശേഷം നബി(സ) ജുമുഅഃ ദിവസം മദീനയുടെ ഉൾഭാഗത്തേക്ക് പുറപ്പെട്ടു. അൻസാറുകളുടേയും മുഹാജിരുകളുടേയും വലിയ ഒരു സംഘം അങ്ങയുടെ കൂടെയുണ്ടായിരുന്നു.

നബി(സ) ഒരു ഒട്ടകത്തിനു മുകളിൽ മുമ്പിലായും അബൂബക്കർ(റ) അതിനു പിറകിലായും ആയിരുന്നു യാത്ര. ഈ സംഘം പതുക്കെ പതുക്കെ പട്ടണത്തോട് അടുക്കാൻ തുടങ്ങി. യത്രാമദ്ധ്യേ ജുമുഅഃ നമസ്കാരത്തിന്റെ സമയമായപ്പോൾ നബി(സ) സാലിം ബിൻ ഔഫിന്റെ പ്രദേശത്തു വെച്ച് ഖുത്ബ നൽകി ജുമുഅഃ നമസ്കരിപ്പിച്ചു.

നബി(സ) കടന്നുപോകുന്ന വഴിയിലുള്ള മുസ്‌ലിം വീടുകളിൽ നിന്നും സ്നേഹാധിരേകത്താൽ അല്ലാഹുവിന്റെ ദൂതരേ, ഇതാ ഞങ്ങളുടെ വീടും ജീവനും സമ്പത്തും അങ്ങയ്ക്കു സമർപ്പിക്കുന്നു. ഞങ്ങളുടെ പക്കൽ അങ്ങയുടെ സംരക്ഷണത്തിനുള്ള സംവിധാനങ്ങളും ഉണ്ട്. അങ്ങ് ഞങ്ങളുടെ അടുത്തേക്കു വന്നാലും എന്നു പറഞ്ഞുകൊണ്ടിരുന്നു. നബി(സ) അവർക്ക് നന്മക്കുവേണ്ടി ദുആ ചെയ്തുകൊണ്ട് മുന്നോട്ടു പോയ്കൊണ്ടിരുന്നു. മുസ്‌ലിം സ്ത്രീകളും പെൺകുട്ടികളും സന്തോഷഭരിതരായി വീടുകളുടെ മട്ടുപ്പാവിൽ കയറി സ്വാഗതഗാനം ആലപിച്ചു. മദീനയിലെ ഒരു നീഗ്രോ അടിമ നബി(സ) വന്നതിൽ സന്തോഷപൂർവം വാൾപയറ്റ് നടത്തികൊണ്ട് പോകുന്നുണ്ടായിരുന്നു.

നബി(സ) കുറച്ചു കാലം കഴിഞ്ഞ് ഹദ്റത്ത് സൈദ്(റ)നെ മദീനയിലേക്കയച്ചു നബി(സ)ന്റേയും ഹദ്റത് അബൂബക്കർ(റ)ന്റെയും കുടുംബത്തെ സസുഖം മദീനയിലേക്ക് കൊണ്ടുവന്നു. നബി(സ) മദീനയിൽ വാങ്ങിയ ഭൂമിയിൽ ആദ്യമായി പള്ളിക്കുള്ള തറക്കല്ലിടുകയാണു ചെയ്തത്. തുടർന്ന് തനിക്കും തന്റെ അനുചരർക്കും വേണ്ടി വീടുകൾ ഉണ്ടാക്കി.

മദീനയിലേക്കുള്ള ഹിജ്റത്തിനു ശേഷം അബൂബക്കർ സിദ്ധീഖ്(റ) സുൻഹയിൽ ഹദ്റത്ത് ഖുബൈബ് ബിനു ആസാഫിന്റെ അടുത്താണു തങ്ങിയത്. സുൻഹ മസ്ജിദ് നബ്‌വിയിൽ നിന്നും ഏകദേശം 2 മൈൽ ദൂരത്തുള്ള മദീനയിലെ ഒരു ഗ്രാമപ്രദേശമാണ്. ഹദ്റത്ത് ഖുബൈബ്, ബനൂ ഹാരിസ് ബിൻ ഖസ്റജിൽപെട്ടയാളാണ്. മറ്റൊരു നിവേദനപ്രകാരം ഹദ്റത്ത് അബൂബക്കർ(റ) ഖാരിജ ബിൻ സൈദിന്റെ അടുത്താണു തങ്ങിയത്. ചില നിവേദനങ്ങളിൽ കാണുന്നത്, ഹദ്റത്ത് അബൂബക്കർ(റ) സുൻഹായിൽ തന്നെ വീടുണ്ടാക്കുകയും വസ്ത്ര നിർമാണത്തിന്റെ പണിശാലയുണ്ടാക്കി കച്ചവടം ചെയ്യു കയും ചെയ്തു എന്നാണ്.

ഈ അനുസ്മരണം ഇനിയും തുടരുന്നതാണ്. എന്നു പറഞ്ഞുകൊണ്ട് ഹുസൂർ(അയ്യദഹുല്ലാഹ്) താഴെ പറയുന്ന മർഹൂമീങ്ങളെ അനുസ്മരിക്കുകയും അവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളമ്പരപ്പെടുത്തുകയും ചെയ്തു.

1. ഭഹാവൽപൂരിലെ മുഹമ്മദ് ശരീഫ് സഹിബ് കലാറിന്റെ മകൻ, ദൈവമാർഗത്തിൽ തടവിലായിരുന്ന ചൗധരി അസ്ഗറലി കലാർ സാഹിബ്. പരേതൻ ജനുവരി 10 ന് തടവിലായിരുന്ന അവസ്ഥയിൽ തന്നെ രോഗിയായി 70 ാമത്തെ വയസ്സിൽ വഫാത്തായി. انا للہ وانا الیہ راجعون 2021 സെപ്റ്റംബർ 24 നു സി. 295 വകുപ്പു പ്രകാരം പ്രവാചകനിന്ദാ കേസ് ചുമത്തി (നഊദു ബില്ലാഹ്) സെപ്റ്റംബർ 26 നു അറസ്റ്റ് ചെയ്തു. അഹ്മദികൾക്കെതിരിൽ പ്രവാചകനിന്ദാ കേസ് ഒരു മടിയും കൂടാതെ ചുമത്തപ്പെടുന്നു. മർഹൂം തന്റെ കുടുംബത്തിലെ ഏക അഹ്മദിയായിരുന്നു. സാമ്പത്തിക പദ്ധതികളിൽ ആവേശത്തോടെ പങ്കെടുത്തിരുന്നു. 8 ൽ ഒരു ഭാഗം വസിയത്ത് ചെയ്ത ആളായിരുന്നു ഖിലാഫത്തിനോട് സ്നേഹവും ആത്മാർഥതയുമുള്ളയാളും അഥിതി സൽകാരപ്രിയനും തബ്‌ലീഗ് ചെയ്യുന്ന കാര്യത്തിൽ ആവേശമുള്ളയാളും ഇബാദത്തുകളിൽ കൃത്യതയുള്ള ആളുമായിരുന്നു.

2. റബ്‌വയിലെ വകാലത്ത് ഉലിയയിലെ ജീവനക്കാരൻ മിർസാ മുംതാസ് അഹ്മദ് സാഹിബ്.

3. റബ്‌വയിലെ ഫസ്‌ലെ ഉമർ ഹോസ്പിറ്റലിന്റെ മുൻ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന കേണൽ റിട്ടേയർഡ് ഡോക്ടർ അബ്ദുൽ ഖാലിഖ് സാഹിബ്.

അല്ലാഹു മർഹൂമീങ്ങൾക്കു മഗ്ഫിറത്തും ഉന്നത പദവികളും നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 14.01.2022

Malayalam Translation: **T Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**